**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **21-06-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം നഗരത്തിലെ കനാൽ റീജുവനേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം നഗരത്തിന് അനുവദിച്ച കനാൽ റീജുവനേഷൻ പദ്ധതിയുടെ തൽസ്ഥിതി വെളിപ്പെടുത്തുമോ; | (എ) | കൊച്ചി നഗരത്തിലെ 6 കനാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പ്രോജക്റ്റ് 1528.27 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) മുഖേന നടപ്പാക്കുന്നതിന് 2021 ൽ തത്വത്തിലുള്ള ഭരണാനുമതി നല്കിയിരുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഇടപ്പള്ളി കനാലിലും, ചിലവന്നൂർ കനാലിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന സീവേജ് ശൃംഖല വിപുലപ്പെടുത്തി കൊച്ചി നഗരത്തിനുള്ള സമഗ്രമായ ഒരു സീവേജ് ശൃംഖല ആയി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. എളംകുളം, പേരണ്ടൂർ, മുട്ടാർ, വെണ്ണല എന്നീ സ്ഥലങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കിവരുന്നു. നാളിതുവരെ 2060.32 കോടി രൂപയ്ക്കുള്ള ധന സഹായത്തിനു കിഫ്ബിയിൽ നിന്നും അംഗീകാരം നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | ഏതെല്ലാം കനാലുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ കനാലുകളുടെയും നിലവിലെ വീതിയും പദ്ധതിക്ക് ശേഷം ഉണ്ടാകുന്ന വീതിയും എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) | 1. ഇടപ്പള്ളി കനാൽ - നിലവിലെ വീതി 5 മീറ്റർ മുതൽ 180 വരെ.<br>പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി- 16.50 മീറ്റർ<br><br>2. ചിലവന്നൂർ കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 300 മീറ്റർ വരെ<br>പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി- 16.50 മീറ്റർ |

| | | | |
|---|---|---|---|
| | | | 3. പേരണ്ടൂർ കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 110 മീറ്റർ വരെ.<br>പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി- 16.50 മീറ്റർ<br><br>4. തേവര കനാൽ - നിലവിലെ വീതി 13 മീറ്റർ മുതൽ 25 മീറ്റർ വരെ.<br><br>പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി-16.50 മീറ്റർ<br><br>5. മാർക്കറ്റ് കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 20 മീറ്റർ വരെ<br><br>ഇവിടെ തൽസ്ഥിതി തുടരുന്നതിനാൽ നിലവിലെ വീതിയിൽ മാറ്റമുണ്ടാവുകയില്ല.<br><br>6. കോന്തുരുത്തി കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 20 മീറ്റർ വരെ.<br><br>പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി-16.50 മീറ്റർ |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുനരധിവാസം ക്രമപ്പെടുത്തിയിട്ടുള്ളത് എങ്ങനെയാണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി കനാൽ പുറമ്പോക്ക് നിർണ്ണയിക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ പ്രത്യേക പുനരധിവാസ പാക്കേജ് ഒന്നും നാളിതുവരെ രൂപപ്പെടുത്തിയിട്ടില്ല. |
| (ഡി) | പദ്ധതിയുടെ ഭാഗമായ പുഴകളിലൂടെ യാത്രാ ബോട്ട് ഉൾപ്പെടെയുള്ള സർവീസുകൾ ആരംഭിക്കുമോ; വിശദമാക്കാമോ; | (ഡി) | ഇടപ്പള്ളി കനാൽ ഉടനീളത്തിൽ ബോട്ട് ഗതാഗതത്തിനു യോഗ്യമാക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. മാർക്കറ്റ് കനാലിൽ ബോട്ട് ഗതാഗതം വിഭാവനം ചെയ്തിട്ടില്ല. ബോട്ടുകളുടെ സഞ്ചാരത്തിനായി റെയിൽവേ പാലങ്ങൾ ഉയർത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ ബാക്കിയുള്ള കനാലുകളിൽ ജല ഗതാഗതം വിഭാവനം ചെയ്തിട്ടില്ല. |
| (ഇ) | പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | മുഴുവൻ ഭൂമിയും പദ്ധതി നിർവ്വഹണ ഏജൻസിയായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനു കൈമാറിയതിനുശേഷം 36 മാസം കൊണ്ട് നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ